**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4679** **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡ് വഴി മത്സ്യം സൂക്ഷിച്ചുവെയ്ക്കുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് തുച്ഛമായ വിലമാത്രമാണ് ലഭിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾപിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം അവർക്ക് തന്നെ നൽകുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാകുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാകുന്നതിനുമുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ഉതകുമാറുള്ളതാണ് ടി ഓർഡിനൻസ്. |
| (ബി) | ഇടനിലക്കാരുടെയും കുത്തകമുതലാളിമാരുടെയും ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്താൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും, വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യ വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളും കർത്തവ്യങ്ങളും ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. 2021 ലെ മത്സ്യലേലവും, വിപണനവും, ഗുണനിലവാര പരിപാലനവും ഓർഡിനൻസ് പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് കൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റി പുനസംഘടിപ്പിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യഫെഡിന്റെ പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി തീരദേശലേല സമ്പ്രദായം നടപ്പിലാക്കിയതു വഴി ഒരു പരിധിവരെ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ |

| | | | |
|---|---|---|---|
| | | | ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 50 ഫിഷ്മാർട്ടുകളും, സഹകരണ ബാങ്ക്/സംഘം ചേർന്നുള്ള 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും, അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് 10 അന്തിപച്ച യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ടി ഫിഷ്മാർട്ടുകളിലേയ്ക്കും, ഫ്രാഞ്ചൈസി മാർട്ടുകളിലേയ്ക്കും, മൊബൈൽ മാർട്ടുകളിലേയ്ക്കും ആവശ്യമായ മത്സ്യം പരമാവധി ഹാർബറുകളിൽ നിന്നും നേരിട്ട് സംഭരിക്കുന്നത് വഴി മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ലഭിക്കുന്നുണ്ട്. ടി വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിന് മത്സ്യഫെഡ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മത്സ്യം സംരംഭിച്ചുവെയ്ക്കാൻ സംവിധാനമില്ലാത്തത് കൊണ്ട് ചൂഷണത്തിന് വിധേയരാകേണ്ടിവരുന്നതിനാൽ മത്സ്യഫെഡ് വഴി മൽസ്യം സൂക്ഷിച്ചുവെയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന കോമൺ പ്രീപ്രോസസ്സിംഗ് സെന്ററിൽ മത്സ്യം ശേഖരിച്ച് സൂക്ഷിച്ച് വെയ്ക്കുവാൻ 20 ടൺ ശേഷിയുള്ള റീഫർ കണ്ടെയ്നർ പ്രവർത്തിപ്പിക്കുന്നുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിലുള്ള മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് മത്സ്യം ശേഖരിച്ച് ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ